പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1890 08.06.2018-ലെ മറുപടിക്ക്

# കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ;എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; | (എ) | കോന്നി ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. യാർഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ രൂപരേഖ ഇതുവരെയും ലഭ്യമായിട്ടില്ല. |
| (ബി) | നാളിതുവരെ ഏതെല്ലാം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്;ഇനി എന്തെല്ലാം പൂർത്തീകരിക്കാനുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഗ്യാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. യാർഡ്, റോഡ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. |
| (സി) | ഡിപ്പോയുടെ നിർമ്മാണപ്രവർത്തനത്തിന് നൽകിയ മുഴുവൻ തുകയും വിനിയോഗിച്ചുവോ;ഇല്ലെങ്കിൽ ആയത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | (സി) | ഇല്ല.<br>ഗ്യരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 1 കോടി 67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. യാർഡ് നിർമ്മാണം ബന്ധപ്പെട്ട റോഡിന്റെ പണി എന്നിവയ്ക്കായി ഏകദേശം 1 കോടി 33 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. |
| (ഡി) | നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് | (ഡി) | യാർഡ് നിർമ്മാണത്തിനാവശ്യമായ രൂപരേഖ ലഭിച്ചാൽ ഉടൻതന്നെ യാർഡ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | ആരംഭിക്കാൻ സാധിക്കും. |
| (ഇ) | നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | കോന്നിയിലെ നിർദ്ദിഷ്ട കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനായി 2 ഏക്കർ 70.86 സെന്റ് സ്ഥലമാണ് കോന്നി ഗ്രാമപഞ്ചായത്ത് കെ.എസ്.ആർ.ടി.സിയ്ക്കായി നൽകിയത്. എന്നാൽ ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സിയ്ക്ക് കൈമാറുന്നതിനായി ആധാരം രജിസ്റ്റർ ചെയ്തു നൽകിയിട്ടില്ല. ഇതിൽ 1 ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമുള്ളതാണ്. ആയത് സ്വകാര്യ വ്യക്തിയിൽ നിന്നും വാങ്ങി കെ.എസ്.ആർ.ടി.സിയുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകുന്നതിനു വേണ്ട നടപടികൾ കോന്നി ഗ്രാമപഞ്ചായത്ത് മുഖേന സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**